# അന്ധനെ സുഖപ്പെടുത്തുന്ന ഈശോ

**കൈത്താക്കാലം മൂന്നാം ഞായർ**
**യോഹന്നാൻ 9:1-12,35-38**

ജൂലൈ 25

**Homily by Fr. Jipson Edapulavan. Fr. Edapulavan can be reached at** jipsonjoseph@gmail.com

യോഹന്നാന്റെ 9-ാം അദ്ധ്യായത്തിൽ 4 തരത്തിലുള്ള അന്ധരെക്കുറിച്ചു പറയുന്നുണ്ട്:

1) ജന്മനാ അന്ധനായവൻ (9: 1) - ഇവിടെ അന്ധത ഒരു ശാരീരിക വൈകല്യമാണ്

2) ശിഷ്യൻമാരുടെ അന്ധത (9: 2-3) - സംശയത്തിന്റെ അന്ധതയാണ്. ശാരീരികവൈകല്യത്തെ പാപത്തിന്റെ ഫലമെന്നുള്ള തെറ്റിദ്ധാരണയുടെ അന്ധത.

3) ദൈവപുത്രനെ തിരിച്ചറിയാൻ സാധിക്കാതിരുന്ന ഫരിസേയരുടെയും ജനപ്രമാണികളുടെയും അന്ധത (9: 16)

4) യഹൂദരെ ഭയന്ന് സത്യം പറയാൻ മടിച്ച മാതാപിതാക്കളുടെ അന്ധത (9: 20-21)

സ്വന്തം കാഴ്ച മാത്രം മതി എന്നു കരുതുകയും സത്യപ്രകാശത്തിന് പുറംതിരിഞ്ഞ് നില്ക്കുകയും ചെയ്യുന്നതാണ് യഥാർത്ഥത്തിൽ അന്ധത. ദൈവത്തെ കണ്ടു അഥവാ കാണുന്നു എന്ന് പറയുകയും എന്നാൽ മനുഷ്യരെ കാണാതിരിക്കുകയും ചെയ്യുന്നതാണ് യഥാർത്ഥ അന്ധത. സ്വന്തം കാഴ്ച്ചയിൽ മാത്രം അഭിരമിക്കുന്നവർ ഒരിക്കലും മറ്റൊരാളുടെ വീക്ഷണകോണിലൂടെ കാണാൻ ശ്രമിക്കാത്തതിനാൽ അവരുടെ കാഴ്ച്ചയുടെ അടിമയാണ്; അതിനാൽ അന്ധനാണ്. ഇപ്രകാരമുള്ള അടിമത്തത്തിന്റെ അന്ധതയാണ് മുകളിൽ പറഞ്ഞിട്ടുള്ളവയിൽ അവസാനത്തെ മുന്നെണ്ണം. അതാണ് ദയനീയമായിട്ടുള്ളതും.

അന്ധത ഒരു സഹനമാണ്

ശാരീരിക അന്ധത ബാധിച്ചിട്ടുള്ളവർ എന്തുമാത്രം ബുദ്ധിമുട്ടികളാണ് അനുഭവിക്കുന്നത്. എന്തുകൊണ്ട് ഈ സഹനം അനുഭവിക്കേിവരുന്നു എന്ന് ചിന്തിച്ചാൽ അതിനുത്തരം അത് ദൈവികപദ്ധതിയുടെ ഭാഗമാണ് എന്നതുതന്നെയാണ്. കോൺസന്റ്റേഷൻ ക്യാമ്പിൽ, ഒത്തിരിയേറെ സഹിക്കേണ്ടിവന്നിട്ടുള്ള വിക്ടർ ഫ്രാങ്കളിൻ പറയുന്നത് - കത്തുന്ന മുൾപടർപ്പിൽ മോശ ദൈവികസാന്നിദ്ധ്യം തിരിച്ചറിഞ്ഞതുപോലെ ഓരോ മനുഷ്യനും അവന്റെ ജീവിതത്തിലുണ്ടാകുന്ന സഹനങ്ങളുടെ, വേദനയുടെ, ഒറ്റപ്പെടലുകളുടെ അനുഭവങ്ങളിൽ ദൈവത്തിന്റെ ശാന്തമായ സാന്നിദ്ധ്യം തിരിച്ചറിയണം എന്നാണ്.

ചിലർ വർഷങ്ങളായി സഹിക്കുന്നു. എന്തുകൊണ്ട്?

ഒരു കുട്ടിക്ക് ചിത്രശലഭത്തിന്റെ ഏതാനും മുട്ടകൾ കിട്ടി. അവൻ അത് ഒരു കുപ്പിയിലാക്കി സൂക്ഷിച്ചു. എല്ലാ ദിവസവും അവൻ കുപ്പി എടുത്ത് നോക്കും, പ്യൂപ്പ വിരിഞ്ഞ് കുഞ്ഞ് ചിത്രശലഭം പുറത്തുവരുന്നത് കാണാൻ. ഒരു ദിവസം നോക്കിയപ്പോൾ പ്യൂപ്പയുടെ മുൻഭാഗത്ത് ഒരു ചെറിയ അനക്കം. അകത്തു നിന്ന് പുറത്തേക്ക് വരാൻ അത് കഷ്ടപ്പെടുന്നതുപോലെ. ആ കുട്ടിക്ക് സഹതാപംതോന്നി. അവൻ ഒരു ബ്ലേയ്ഡ് എടുത്ത് അതിന്റെ തോട് പൊട്ടിച്ച് കൊടുത്തു. പുറത്തുവരാൻ സഹയിക്കാം എന്ന ചിന്തയോടെയാണ് ആ കുട്ടി അത് ചെയ്തതെങ്കിലും തോട് പൊട്ടിയതോടെ വളർച്ച പൂർണമാകാതിരുന്ന ആ ചിത്രശലഭകുഞ്ഞ് ചത്തുപോയി. അതിന്റെ വളർച്ച പുർത്തിയായി തന്നെ പുറത്തേക്കുവരുന്നതുവരെ അവൻ കാത്തിരിക്കണമായിരുന്നു.

സഹനത്തിന്റെ കാര്യവും ഇത് പോലെ തന്നെയാണ്. സഹനം ദൈവികപദ്ധതിയുടെ ഭാഗമാണ്. അപ്പോൾ ദൈവത്തിന്റെ പദ്ധതി പൂർത്തീകരിക്കപ്പെടാനായി സ്നേഹത്തോടും ക്ഷമയോടും വിശ്വാസത്തോടും കൂടി കാത്തിരിക്കുക.

അന്ധത മാറാൻ എന്ത് ചെയ്യണം

അന്ധത മാറാൻ സീലോഹായിൽ പോയി കഴുകണം എന്ന് യേശുപറയുന്നു- സീലോഹാ എന്ന വാക്കിന്റെ അർത്ഥം *അയക്കപ്പെട്ടവൻ* എന്നാണ്. ദൈവത്തിന്റെ അയക്കപ്പെട്ടവൻ യേശുവാണ്. യേശുവിൽ സ്നാനപ്പെടുന്നവർക്ക്, യേശുവിന്റെ സ്നേഹത്താൽ, സാന്ത്വനത്താൽ, കാരുണ്യത്താൽ കഴുകപ്പെടുന്നവർക്ക് അന്ധതയിൽ നിന്ന്, സഹനത്തിൽ നിന്ന് രക്ഷപെടാൻ സാധിക്കും.

അന്ധന്റെ യാത്ര വിശ്വാസത്തിന്റെ ആഴപ്പെടലാണ്

യേശു എന്ന് വിളിക്കപ്പെടുന്നവൻ പ്രവാചകനാണെന്നും ദൈവത്തിൽനിന്നുള്ളവനാണെന്നും സ്വർഗ്ഗീയനായ മനുഷ്യപുത്രനാണെന്നുമുള്ള ഉൾക്കാഴ്ച്ചയുടെ തീർത്ഥാടനം. തീർത്ഥാടനത്തിന്റെ അവസാനം യേശുക്രിസ്തുവിനെ ദൈവമായി അംഗീകരിച്ചുകൊണ്ടുള്ള ആരാധനയാണ്.

ഈ തീർത്ഥയാത്രയുടെ ആരംഭം ഒരു സാഹസമാണ്. തുപ്പൽ കൊണ്ടുള്ള ചെളിപുരട്ടിയശേഷം സീലോഹായിൽ പോയി കഴുകുക എന്ന ക്ഷണത്തിൽ ആരംഭിച്ച സാഹസം. ഇത് സാഹസമാകുന്നത് ഒരു നിസ്സാരമായ കാര്യമായതുകൊണ്ടാണ്. ഏലിയാ പ്രവാചകൻ തന്റെ അടുക്കലെത്തിയ നാമാനോട് കുഷ്ഠരോഗം മാറാൻ ജോർദ്ധാനിൽ ഏഴു പ്രാവശ്യം മുങ്ങികുളിക്കാൻ നിർദേശിക്കുമ്പോൾ അവൻ മടിക്കുന്നത് അത് ഒരു നിസ്സാരമായ കാര്യമായതുകൊണ്ടാണ്. പക്ഷെ അത് ചെയ്യാൻ അവൻ മനസ്സ് കാണിച്ചപ്പോൾ അവന്റെ കുഷ്ഠം മാറി. ഇന്നും യേശുവിന്റെ ക്ഷണം സാഹസത്തിലേക്കാണ് - നിസ്സാരമായ കാര്യങ്ങളിലേക്കാണ് - സ്നേഹിക്കുക, സഹിക്കുക, സഹായിക്കുക ഈ നിസ്സാരങ്ങളായ കാര്യങ്ങൾ സന്തോഷത്തോടെ ചെയ്യുവാൻ സന്മനസ്സുണ്ടെങ്കിൽ കാഴ്ചയുള്ളവരായി മാറുവാൻ സാധിക്കും. അതിനായി ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.